



■ ഇന്ത്യൻ വനിതാ ലീഗ്

## ഗോകുലത്തിന് ഒഡിഷ

**അഹമ്മദാബാദ്**

ഇന്ത്യൻ വനിതാ ഫുട്ബോൾ ലീഗ് ക്വാർട്ടർ ഫൈനലിൽ നിലവിലെ ചാമ്പ്യൻമാരായ ഗോകുലം കേരള എഫ്സി 16ന് ഒഡിഷ എഫ്സിയെ നേരിടും. ഗോകുലം ഗ്രൂപ്പ് 'എ' ചാമ്പ്യൻമാരാണ്. ഒഡിഷ ഗ്രൂപ്പ് 'ബി' രണ്ടാംസ്ഥാനക്കാർ.

ഗ്രൂപ്പ് 'ബി'യിൽ മധുര സേതു എഫ്സി 17 പോയിന്റോടെ ഒന്നാമതെത്തി. ഒഡിഷയ്ക്ക് 16 പോയിന്റുണ്ട്. കിക്ക്സ്റ്റാർട്ട് എഫ്സി, ഈസ്റ്റേൺ സ്പോർട്സ് യൂണിയൻ എന്നീ ടീമുകളും ക്വാർട്ടറിൽ കടന്നു. ഈ ഗ്രൂപ്പിൽ ഉണ്ടായിരുന്ന കേരള ടീമായ കൊച്ചി ലോർഡ്സ് ഫുട്ബോൾ അക്കാദമിയുടെ പ്രകടനം ദയനീയമായിരുന്നു. ഏഴ് കളിയിൽ ആറും തോറ്റു. അവസാന മത്സരത്തിൽ ഈസ്റ്റേൺ സ്പോർട്സ് യൂണിയൻ 3–2ന് തോൽപ്പിച്ചു. ലോർഡ്സ് ഒരു കളി ജയിച്ച് മൂന്ന് പോയിന്റോടെ എട്ട് ടീമുകളുള്ള ഗ്രൂപ്പിൽ ഏഴാമതായി.


ഗ്രൂപ്പ് 'എ'യിൽനിന്ന് ഗോകുലത്തെക്കൂടാതെ സ്പോർട്സ് ഒഡിഷ, ഈസ്റ്റ്ബംഗാൾ, ഹോപ്സ് ഫുട്ബോൾ ക്ലബ് എന്നിവയും അവസാന എട്ടിൽ സ്ഥാനംപിടിച്ചു.

## കോഴിക്കോട് ഫൈനലിൽ

**തിരുവനന്തപുരം**

സംസ്ഥാന സബ് ജൂനിയർ ബാസ്കറ്റ്ബോൾ ടൂർണമെന്റിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ നിലവിലെ ചാമ്പ്യൻമാരായ കോഴിക്കോട് ഫൈനലിൽ കടന്നു. സെമിയിൽ കൊല്ലത്തെ 45–35ന് കീഴടക്കി. ആൺകുട്ടികളിൽ തൃശൂർ 59–45ന് പത്തനംതിട്ടയെ തോൽപ്പിച്ച് ഫൈനലിലെത്തി.

## വിൻഡീസ് പരിശീലകനായി ഡാരൻ സമി



**സെന്റ് ലൂസിയ**

മുൻ ക്യാപ്റ്റൻ ഡാരൻ സമിയെ ഏകദിന–ട്വന്റി 20 ക്രിക്കറ്റ് ടീമുകളുടെ പരിശീലകനായി നിയമിച്ച് വെസ്റ്റിൻഡീസ്. രാജിവച്ച ഫിൽ സിമൺസിനുപകരമാണ് സമി ചുമതലയേറ്റത്. ആന്ദ്രെ കോളിയാണ് ടെസ്റ്റ് കോച്ച്. കരീബിയൻ പ്രീമിയർ ലീഗിലും പാകിസ്ഥാൻ സൂപ്പർ ലീഗിലും പരിശീലകനായിട്ടുണ്ട് സമി. വിൻഡീസ് രണ്ട് ട്വന്റി 20 ലോകകപ്പ് നേടിയപ്പോൾ ക്യാപ്റ്റനായിരുന്നു മുപ്പത്തൊമ്പതുകാരൻ. ജൂണിൽ യുഎഇയുമായുള്ള മൂന്നുമത്സര ഏകദിന പരമ്പരയിലാണ് സമിക്കുകീഴിൽ വിൻഡീസ് അരങ്ങേറുക.

## ബ്രാഡ്ബേൺ പാക് കോച്ച്



**ലാഹോർ**

പാകിസ്ഥാൻ ക്രിക്കറ്റ് ടീമിന്റെ പരിശീലകനായി ന്യൂസിലൻഡ് മുൻ താരം ഗ്രാന്റ് ബ്രാഡ്ബേൺ ചുമതലയേറ്റു. രണ്ടുവർഷത്തേക്കാണ് കരാർ. ന്യൂസിലൻഡിനെതിരായ പരമ്പരയിൽ ഉപദേശകന്റെ വേഷത്തിലുണ്ടായിരുന്നു അമ്പത്താറുകാരൻ. സ്കോട്ട്ലൻഡിന്റെ കോച്ചായിരുന്നു. 2018 മുതൽ രണ്ടുവർഷം പാകിസ്ഥാന്റെ ഫീൽഡിങ് പരിശീലകനുമായി. കിവീസിനായി ഏഴ് ടെസ്റ്റും 11 ഏകദിനവും കളിച്ചിട്ടുണ്ട്. ദക്ഷിണാഫ്രിക്കൻ മുൻ ബാറ്റർ ആൻഡ്രൂ പുട്ടിക്കിനെ ബാറ്റിങ് കോച്ചായും പാകിസ്ഥാൻ നിയമിച്ചു.

■ ജയിച്ചാൽ ബാഴ്സ ലീഗ് ചാമ്പ്യൻമാർ

# കിരീടം അരികെ



**ഇനിയില്ല ഈ പാഠം...** ബാഴ്സലോണ കോച്ച് സാവി പരിശീലനത്തിനിടെ ക്യാപ്റ്റൻ ബുസ്ക്വെറ്റ്സിന് നിർദേശം നൽകുന്നു

■ ഇന്ന് എസ്പാന്യോളിനോട്

■ നാല് കളി ശേഷിക്കെ ചാമ്പ്യൻമാരാകാം

**നൗകാമ്പ്**

സാവിക്ക് കീഴിൽ ആദ്യ സ്പാനിഷ് ഫുട്ബോൾ ലീഗ് ഫുട്ബോൾ കിരീടത്തിലേക്ക് ബാഴ്സലോണ. ഇന്ന് എസ്പാന്യോളിനെ തോൽപ്പിച്ചാൽ നാല് കളി ശേഷിക്കെ ബാഴ്സയ്ക്ക് ചാമ്പ്യൻമാരാകാം. 33 കളിയിൽ 26 ജയവും അഞ്ച് സമനിലയും മൂന്ന് തോൽവിയുമായി 82 പോയിന്റാണ് കറ്റാലൻമാർക്ക്. രണ്ടാമതുള്ള അത്‌ലറ്റികോ മാഡ്രിഡിനെക്കാൾ 13 പോയിന്റ് മുന്നിൽ. മൂന്നാമതുള്ള റയൽ മാഡ്രിഡുമായി 14 പോയിന്റാണ് വ്യത്യാസം. എസ്പാന്യോൾ പത്തൊമ്പതാം സ്ഥാനത്താണ്. കളി എസ്പാന്യോൾ തട്ടകത്തിലാണ്.

സീസണിൽ ചാമ്പ്യൻസ് ലീഗിലും പിന്നാലെ യൂറോപ ലീഗിലും തിരിച്ചടി കിട്ടിയെങ്കിലും ലീഗിൽ സാവിയുടെ സംഘം സ്ഥിരതയുള്ള പ്രകടനം പുറത്തെടുത്തു. യുവതാരങ്ങളുമായ പെഡ്രിയും ഗാവിയുമായിരുന്നു ഊർജം പകർന്നത്. മുന്നേറ്റക്കാരൻ റോബർട്ട് ലെവൻഡോവ്സ്കിയുടെ ഗോളടിയും തുണയായി.

2018–19 സീസണിലാണ് അവസാനമായി ബാഴ്സ ചാമ്പ്യൻമാരായത്. സൂപ്പർ താരം ലയണൽ മെസി ടീമിന്റെ ഭാഗമായിരുന്നു അന്ന്. തുടർന്ന് മൂന്ന് സീസണിൽ കിരീടത്തിലേക്ക് അടുക്കാനായില്ല. റയലാണ് നിലവിലെ ചാമ്പ്യൻമാർ.

മെസി ക്ലബ്ബ് വിട്ടതിനുശേഷമുള്ള ആദ്യ കിരീടമാകും ബാഴ്സയ്ക്ക്. ഈ സീസണോടെ ക്ലബ്ബ് വിടുന്ന സെർജിയോ ബുസ്ക്വെറ്റ്സിനാകും സാവി കിരീടം സമർപ്പിക്കുക. 18 വർഷമാണ് ഈ മധ്യനിരക്കാരൻ ടീമിലുണ്ടായിരുന്നത്. 718 കളികളിൽ ഇറങ്ങി. സാവിക്കും ആന്ദ്രേ ഇനിയേസ്റ്റക്കും കീഴിൽ പ്രതിരോധത്തിന്റെ കൂടി ചുമതല വഹിച്ച മധ്യനിര താരം.

ബുസ്ക്വെറ്റ്സിനുശേഷം ബാഴ്സയിൽ മറ്റൊരു യുഗം ആരംഭിക്കുമെന്നായിരുന്നു സാവിയുടെ പ്രതികരണം. 'കണ്ടതിൽവച്ചുള്ള ഏറ്റവും മികച്ച പ്രതിരോധ മധ്യനിരക്കാരനാണ് ബുസ്ക്വെറ്റ്സ്. ആ യുഗം അവസാനിച്ചു. ഇനി പുതിയൊരു യുഗം. പെഡ്രിയും ഗാവിയും ടീമിന്റെ മധ്യനിര ഏറ്റെടുത്തിരിക്കുന്നു– സാവി പറഞ്ഞു.

■ ഇംഗ്ലീഷ് പ്രീമിയർ ലീഗ് ഫുട്ബോൾ

# യുണൈറ്റഡ് മുന്നോട്ട്


■ വൂൾവ്സിനെ രണ്ട് ഗോളിന് തോൽപ്പിച്ചു

■ ജയത്തോടെ നാലാമത് തുടർന്നു

■ മൂന്നാംസ്ഥാനക്കാരായ ന്യൂകാസിലിനെ ലീഡ്സ് തളച്ചു

■ ചെൽസിക്ക് സമനില

■ സതാംപ്ടൺ തരംതാഴ്ത്തപ്പെട്ടു



മാഞ്ചസ്റ്റർ യുണൈറ്റഡിനായി ഗോൾ നേടിയ മാർഷ്യലിനെ (ഇടത്) അഭിനന്ദിക്കുന്ന ആന്തണി

**ലണ്ടൻ**

അപ്രതീക്ഷിത തോൽവിയുടെ ഞെട്ടലിൽനിന്ന് മാഞ്ചസ്റ്റർ യുണൈറ്റഡ് കരകയറി. വൂൾവറാംപ്ടൺ വാണ്ടറേഴ്സിനെ രണ്ട് ഗോളിന് തോൽപ്പിച്ച് യുണൈറ്റഡ് ഇംഗ്ലീഷ് പ്രീമിയർ ലീഗ് പോയിന്റ് പട്ടികയിൽ നാലാം സ്ഥാനം ഏറെക്കുറെ സുരക്ഷിതമാക്കി. അവസാന കളിയിൽ വെസ്റ്റ്ഹാം യുണൈറ്റഡിനോട് തോറ്റതോടെ എറിക് ടെൻ ഹാഗിന്റെ സംഘം പ്രതിസന്ധിയിലായിരുന്നു. മൂന്ന് കളി ശേഷിക്കെ 66 പോയിന്റുമായി നാലാമതാണ് യുണൈറ്റഡ്. മൂന്നാംസ്ഥാനക്കാരായ ന്യൂകാസിൽ യുണൈറ്റഡ് ലീഡ്സ് യുണൈറ്റഡുമായി 2–2ന് കുരുങ്ങി. ന്യൂകാസിലിനും 66 പോയിന്റാണ്. ഗോൾ വ്യത്യാസത്തിൽ മുന്നിൽനിൽക്കുന്നു.

ടോട്ടനം ഹോട്സ്പറിനെ 2–1ന് തോൽപ്പിച്ച് ആസ്റ്റൺ വില്ല യൂറോപ യോഗ്യതയ്ക്കുള്ള പോരാട്ടം സജീവമാക്കി. ഇരുടീമുകൾക്കും 57 വീതം പോയിന്റാണ്. ഗോൾ വ്യത്യാസത്തിൽ ടോട്ടനം മുന്നിലാണ്.

ചെൽസി വീണ്ടും നിരാശപ്പെടുത്തി. നോട്ടിങ്ഹാം ഫോറസ്റ്റുമായി 2–2ന് വഴങ്ങി.

വൂൾവ്സിനെതിരെ ഇറങ്ങുമ്പോൾ യുണൈറ്റഡിന് ജയം അനിവാര്യമായിരുന്നു. വെസ്റ്റ്ഹാമിനോട് തോറ്റതോടെ അഞ്ചാമതുള്ള ലിവർപൂളിന്റെ സമ്മർദമുണ്ടായിരുന്നു മുൻ ചാമ്പ്യൻമാർക്ക്. വൂൾവ്സിനെതിരെ കളിയുടെ തുടക്കംമുതൽ യുണൈറ്റഡ് നിയന്ത്രണംനേടി. അരമണിക്കൂർ കഴിയുമ്പോഴേക്കും ലീഡ് സ്വന്തമാക്കി. ആന്തണി മാർഷ്യൽ ലക്ഷ്യംകണ്ടു. ബ്രസീലുകാരൻ ആന്തണിയാണ് അവസരമൊരുക്കിയത്. കളിയുടെ അവസാനഘട്ടത്തിൽ അർജന്റീനക്കാരൻ അലെസാൻഡ്രോ ഗർണാച്ചോ യുണൈറ്റഡിന്റെ ജയം പൂർത്തിയാക്കി.

ഇനിയുള്ള മത്സരങ്ങളിൽ ബോണിമൗത്ത്, ചെൽസി, ഫുൾഹാം ടീമുകളുമായാണ് കളി. എഫ്എ കപ്പ് ഫൈനലിൽ മാഞ്ചസ്റ്റർ സിറ്റിയെയും നേരിടും.

റഹീം സ്റ്റെർലിങ് ഇരട്ടഗോൾ നേടിയെങ്കിലും ചെൽസി നിരാശപ്പെടുത്തി. പതിനാറാംസ്ഥാനത്തുള്ള നോട്ടിങ്ഹാം ഫോറസ്റ്റിനോട് സ്വന്തം തട്ടകത്തിലാണ് സമനില വഴങ്ങിയത്. 11–ാംസ്ഥാനത്താണ് ചെൽസി.

മൂന്നാംസ്ഥാനത്ത് ലീഡുയർത്താനുള്ള അവസരമാണ് ന്യൂകാസിൽ നഷ്ടമാക്കിയത്. ലീഡ്സിനോട് തുടക്കത്തിൽ ഒരു ഗോളിനുപിന്നിലായ ന്യൂകാസിൽ കല്ലം വിൽസന്റെ ഇരട്ട പെനൽറ്റിയിൽ ലീഡ് നേടി. എന്നാൽ, അവസാന നിമിഷം സമനില വഴങ്ങി. ലീഡ്സ് തരംതാഴ്ത്തൽ മേഖലയിലാണ്.

ഫുൾഹാമിനോട് രണ്ട് ഗോളിന് തോറ്റ സതാംപ്ടൺ തരംതാഴ്ത്തപ്പെട്ടു.ബേൺലിയും ഷെഫീൽഡ് യുണൈറ്റഡും രണ്ടാം ഡിവിഷനായ ചാമ്പ്യൻഷിപ്പിൽനിന്നും അടുത്ത സീസണിലേക്ക് യോഗ്യത നേടിയിട്ടുണ്ട്.

ഇന്ന് ഒന്നാം സ്ഥാനക്കാരായ മാഞ്ചസ്റ്റർ സിറ്റി എവർട്ടണെയും രണ്ടാമതുള്ള അഴ്സണൽ ബ്രൈറ്റണെയും നേരിടും. നിലവിൽ സിറ്റിക്ക് 34 കളിയിൽ 82 പോയിന്റാണ്.

ഒരു മത്സരം കൂടുതൽ കളിച്ച അഴ്സണലിന് 81 പോയിന്റും.



ഷാൽക്കെയ്ക്കെതിരായ ഗോൾനേട്ടം ആഘോഷിക്കുന്ന ബയേണിന്റെ മുള്ളറും കാൻസെലോയും

■ ജർമനിയിൽ പോര് മുറുകുന്നു

## ആറാടി ബയേൺ

**മ്യൂണിക്**

രണ്ട് കളിമാത്രം ശേഷിക്കെ ജർമൻ ഫുട്ബോൾ ലീഗിൽ കിരീടപ്പോരാട്ടം ഇഞ്ചോടിഞ്ച്. ഷാൽക്കെയെ ആറ് ഗോളിന് മുക്കി ബയേൺ മ്യൂണിക് ഒന്നാംസ്ഥാനത്ത് തുടർന്നു.

32 കളിയിൽ 68 പോയിന്റാണ് നിലവിലെ ചാമ്പ്യൻമാർക്ക്. ബൊറൂസിയ ഡോർട്ട്മുണ്ട് തൊട്ടുപിന്നാലെയുണ്ട്. 31 കളിയിൽ 64 പോയിന്റ്.

ഷാൽക്കെയ്ക്കെതിരെ തകർപ്പൻ പ്രകടനമായിരുന്നു ബയേണിന്റേത്. സെർജി നാബ്രി ഇരട്ടഗോൾ നേടി. തോമസ് മുള്ളറാണ് ഗോൾവേട്ടയ്ക്ക് തുടക്കമിട്ടത്. പെനൽറ്റിയിലൂടെ ജോഷ്വാ കിമ്മിച്ച് ലീഡുയർത്തി. മാതിസ് ടെല്ലും നുസൈർ മസ്റൂരിയും പട്ടിക തികച്ചു.

■ ഹൈദരാബാദിനെ ഏഴ് വിക്കറ്റിന് തകർത്തു

# അടിച്ചെടുത്തു ലഖ്നൗ കയറി

**ലഖ്നൗ**

അവസാന ഓവറുകളിലെ വെടിക്കെട്ട് പ്രകടനം ഐപിഎൽ ക്രിക്കറ്റിൽ ലഖ്നൗ സൂപ്പർ ജയന്റ്സിന് മിന്നുംജയമൊരുക്കി. സൺറൈസേഴ്സ് ഹൈദരാബാദിനെതിരെ ഏഴ് വിക്കറ്റ് ജയത്തോടെ ലഖ്നൗ പോയിന്റ് പട്ടികയിൽ മൂന്നാംസ്ഥാനത്തേക്ക് മുന്നേറി. ഹൈദരാബാദിന്റെ സാധ്യത മങ്ങി.

ആദ്യം ബാറ്റ് ചെയ്ത ഹൈദരാബാദ് ആറിന് 182 റണ്ണാണെടുത്തത്. ലഖ്നൗ 19.2 ഓവറിൽ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ ജയംകുറിച്ചു.

പതിനഞ്ച് ഓവർവരെ ഹൈദരാബാദ് ജയപ്രതീക്ഷയിലായിരുന്നു. ലഖ്നൗ 2–114 റൺ. 30 പന്തിൽ വേണ്ടത് 69 റൺ. 16–ാം ഓവർ എറിയാനെത്തിയ അഭിഷേക് ശർമയെ തുടർ സിക്സറുകൾക്ക് ശിക്ഷിച്ച് മാർക് സ്റ്റോയിനിസും നിക്കോളാസ് പുരാനും ലഖ്നൗവിനെ കളിയിലേക്ക് കൊണ്ടുവന്നു. 31 റണ്ണാണ് ആ ഓവറിൽ കിട്ടിയത്. ആദ്യ രണ്ടു പന്തിൽ സിക്സറടിച്ച സ്റ്റോയിനിസിനെ (25 പന്തിൽ 40) മൂന്നാംപന്തിൽ അഭിഷേക് മടക്കിയെങ്കിലും കാര്യമുണ്ടായില്ല. പുരാൻ നേരിട്ട ആദ്യ പന്ത് സിക്സർ പറത്തി. അടുത്ത രണ്ടു പന്തും സിക്സർ. ഇതോടെ 24 പന്തിൽ 38 റണ്ണായി ലക്ഷ്യം.

മൂന്നാമനായെത്തിയ പ്രേരക് മങ്കാദും (45 പന്തിൽ 64) പുരാനും (13 പന്തിൽ 44) അനായാസം ജയത്തിലെത്തിച്ചു. പ്രേരക്കിന്റെ ഇന്നിങ്സിൽ രണ്ട് സിക്സറും ഏഴ് ഫോറും ഉൾപ്പെട്ടു. പുരാൻ നാല് സിക്സറും മൂന്നു ഫോറും പായിച്ചു. പ്രേരകാണ് മാൻ ഓഫ് ദി മാച്ച്.

ഹൈദരാബാദിനായി 29 പന്തിൽ 47 റണ്ണെടുത്ത ഹെൻറിച്ച് ക്ലാസെനാണ് തിളങ്ങിയത്. എന്നാൽ, അവസാന ഓവറുകളിൽ ഹൈദരാബാദിന് പ്രതീക്ഷിച്ചപോലെ റണ്ണടിക്കാനായില്ല. 25 പന്തിൽ 37 റണ്ണുമായി പുറത്താകാതെ നിന്ന അബ്ദുൾ സമദാണ് 180 കടത്തിയത്.

ക്രുണാൾ പാണ്ഡ്യ നാലോവറിൽ 24 റൺ മാത്രം വഴങ്ങി രണ്ട് വിക്കറ്റെടുത്തു.



ഹൈദരാബാദിനെതിരെ വിജയറൺ നേടിയശേഷം ലഖ്നൗവിന്റെ നിക്കോളാസ് പുരാനും (ഇടത്) പ്രേരക് മങ്കാദും ആഹ്ലാദത്തിൽ

# ഡൽഹി പുറത്ത്

**ന്യൂഡൽഹി**

ഐപിഎൽ ക്രിക്കറ്റിൽ പഞ്ചാബ് കിങ്സ് മുന്നോട്ട്. ഡൽഹി ക്യാപിറ്റൽസിനെ 31 റണ്ണിന് വീഴ്ത്തി. സെഞ്ചുറി നേടിയ പ്രഭ്സിമ്രാൻ സിങ്ങിന്റെ (65 പന്തിൽ 103) കരുത്തിൽ പഞ്ചാബ് ഉയർത്തിയ 168 റൺ വിജയലക്ഷ്യം പിന്തുടർന്ന ഡൽഹിക്ക് പിഴച്ചു. 136 റണ്ണിൽ ഒതുങ്ങി. ജയത്തോടെ പഞ്ചാബ് പ്ലേ ഓഫ് സാധ്യത സജീവമാക്കി. ആറാം സ്ഥാനത്താണ് നിലവിൽ. കളിച്ച 12ൽ എട്ടിലും തോറ്റ ഡൽഹി പുറത്തായി.

സ്കോർ: പഞ്ചാബ് 7–167 ഡൽഹി 8–136.

ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്യാനെത്തിയ പഞ്ചാബിന് മികച്ച തുടക്കമായിരുന്നില്ല. 45 റണ്ണെടുക്കുന്നതിനിടെ മൂന്ന് വിക്കറ്റ് നഷ്ടമായി. ക്യാപ്റ്റൻ ശിഖർ ധവാൻ (5 പന്തിൽ 7), ലിയാം ലിവിങ്സ്റ്റൺ (5 പന്തിൽ 4), ജിതേഷ് ശർമ (5 പന്തിൽ 5) എന്നിവർ വേഗത്തിൽ പുറത്തായി. ഒറ്റത്ത് പ്രഭ്സിമ്രാൻ പൊരുതി. 24 പന്തിൽ 20 റണ്ണെടുത്ത സാം കറൻമാത്രമാണ് അൽപ്പമെങ്കിലും പിന്തുണ നൽകിയത്.

ആറ് സിക്സറും 10 ഫോറുമായിരുന്നു പ്രഭ്സിമ്രാന്റെ ഇന്നിങ്സിൽ. പഞ്ചാബിൽനിന്നുള്ള ഇരുപത്തിരണ്ടുകാരന്റെ ഐപിഎല്ലിലെ ആദ്യ സെഞ്ചുറിയാണ്. ഈ സീസണിൽ ഒരു അർധസെഞ്ചുറിയും കുറിച്ചിട്ടുണ്ട്. ഐപിഎല്ലിൽ ആകെ 18 മത്സരങ്ങൾ കളിച്ചു ഇരുപത്തിരണ്ടുകാരൻ.

മറുപടിയിൽ മികച്ച തുടക്കത്തിനുശേഷമാണ് ഡൽഹി തകർന്നത്. ഓപ്പണിങ് വിക്കറ്റിൽ ക്യാപ്റ്റൻ ഡേവിഡ് വാർണറും (27 പന്തിൽ 54) ഫിൽ സാൾട്ടും (17 പന്തിൽ 21) അതിവേഗം റൺ കണ്ടെത്തി. ഇരുവരും 69 റൺ ചേർത്തു. എന്നാൽ, 18 റണ്ണിനിടെ ആറ് മുൻനിര ബാറ്റർമാരും വിക്കറ്റ് വലിച്ചെറിഞ്ഞതോടെ ഡൽഹി കൂപ്പുകുത്തി.

പഞ്ചാബിനായി ഹർപ്രീത് ബ്രാർ മുപ്പത് റൺ വഴങ്ങി നാല് വിക്കറ്റ് നേടി. രാഹുൽ ചഹാറിനും നതാൻ എല്ലിസിനും രണ്ട് വീതം വിക്കറ്റുമുണ്ട്.

**പോയിന്റ് പട്ടിക**

(ടീം, കളി, ജയം, തോൽവി, പോയിന്റ്)

| | | | | |
|---|---|---|---|---|
| ഗുജറാത്ത് | 12 | 8 | 4 | 16 |
| ചെന്നൈ | 12 | 7 | 4 | 15 |
| മുംബൈ | 12 | 7 | 5 | 14 |
| ലഖ്നൗ | 12 | 6 | 5 | 13 |
| രാജസ്ഥാൻ | 12 | 6 | 6 | 12 |
| പഞ്ചാബ് | 12 | 6 | 6 | 12 |
| ബാംഗ്ലൂർ | 11 | 5 | 6 | 10 |
| കൊൽക്കത്ത | 12 | 5 | 7 | 10 |
| ഹൈദരാബാദ് | 11 | 4 | 7 | 8 |
| ഡൽഹി | 12 | 4 | 8 | 8 |



ഡൽഹിക്കെതിരെ പഞ്ചാബ് ബാറ്റർ പ്രഭ്സിമ്രാൻ സിങ് സിക്സർ നേടുന്നു